**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - 2019 മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ പുനർവിതരണത്തിനുള്ള തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.9168/2019/ധന. തീയതി, തിരുവനന്തപുരം, 21/11/2019**

---

പരാമർശം :- 1) സ ഉ (പി) 384/2014/ധന തീയതി 05/09/2014.
2) സ ഉ (എം എസ്) 437/2016/ധന തീയതി 08/11/2016.
3) സ ഉ (എം എസ്) 503/2016/ധന തീയതി 21/12/2016.
4) സ ഉ (എം എസ്) 34/2017/ധന തീയതി 21/01/2017.
5) സ ഉ (എം എസ്) 67/2017/ധന തീയതി 06/02/2017.
6) സ ഉ (എം എസ്) 204/2017/ധന തീയതി 23/03/2017.
7) സ ഉ (എം എസ്) 241/2018/ധന തീയതി 06/07/2018.
8) സ.ഉ(സാധാ)നം. 10132/18/ധന. തീയതി 10.12.2018.
9) സ.ഉ(എം.എസ്.)നം. 59/19/ധന. തീയതി 31.01.2019.
10) സ ഉ (സാധാ) 1172/2019/ധന. തീയതി 15.02.2019.
11) സ.ഉ.(സാധാ) നം.6713/2019/ധന. തീയതി, 21.08.2019
12) പഞ്ചായത്ത് ഡയറക്ടറുടെ 13.11.2019 തീയതിയിലെ കത്ത് നമ്പർ പി എ എൻ/10461/2019-ഡി ബി ടി2 (ഡി പി) .

**<u>ഉത്തരവ്</u>**

ഗുണഭോക്താക്കളുടെ താല്പര്യപ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നൽകിവരുന്നു. 2019 മേയ്, ജൂൺ, ജൂലൈ മാസങ്ങളിലെ പെൻഷൻ സൂചന 11-ലെ ഉത്തരവു പ്രകാരം വിതരണം ചെയ്തിരുന്നു. എന്നാൽ ഗുണഭോക്താക്കളുടേതല്ലാത്ത വിവിധ കാരണങ്ങളാൽ പെൻഷൻ ലഭിച്ചില്ലായെന്ന ധാരാളം പരാതികൾ സർക്കാരിൽ ലഭിയ്ക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിയ്ക്കുകയും, പരാമർശം 12 പ്രകാരം പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, 2019 മെയ്, ജൂൺ, ജൂലൈ മാസങ്ങളിലെ പെൻഷൻ പുനർ വിതരണത്തിനാവശ്യമായ തുകയായ **7,10,93,100/- രൂപ (ഏഴ് കോടി പത്ത് ലക്ഷത്തി തൊണ്ണൂറ്റി മൂന്നായിരത്തി നൂറു രൂപ മാത്രം)** കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ ബാങ്ക് അക്കൗണ്ടിൽ നിന്നും , സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ

നിക്ഷേപിക്കുന്നതിനാവശ്യമായ 7,03,39,200/- രൂപ ( ഏഴ് കോടി മൂന്ന് ലക്ഷത്തി മുപ്പത്തൊൻപതിനായിരത്തി ഇരുന്നൂറ് രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ്.ബി. അക്കൗണ്ട് നമ്പർ 67234515304 (IFS Code: SBIN 0070028), നേരിട്ട് വീട്ടുകളിൽ വിതരണത്തിനാവശ്യമായ 7,53,900/- രൂപ (ഏഴ് ലക്ഷത്തി അൻപത്തിമൂന്നായിരത്തി തൊള്ളായിരം രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി . അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ 799012100000001) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു.

3. ഒരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനും പുനർവിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിശദ വിവരങ്ങൾ ഈ ഉത്തരവിനൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക 15/12/2019-നകം കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന്റെ പേരിൽ കേരള സംസ്ഥാന സഹകരണബാങ്കിന്റെ ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിലേക്ക് (IFS Code: KSBK 0000101) തിരിച്ചടയ്ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ. ബി**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,

വിവര പൊതുജന സമ്പർക്ക വകുപ്പ്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

(ഫയൽ നം.1308059/എസ് എഫ് സി ബി1/19/ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

| തദ്ദേശ സ്വയംഭരണ സ്ഥാപനം | പെൻഷൻ ഇനം | ബാങ്ക് | ഡി.റ്റി.എച്ച് | ആകെ |
|---|---|---|---|---|
| **കോർപ്പറേഷൻ** | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 3969900 | 91200 | 4061100 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1122000 | 10800 | 1132800 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 313200 | 7200 | 320400 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 101400 | 0 | 101400 |
| | കർഷക തൊഴിലാളി പെൻഷൻ | 99000 | 0 | 99000 |
| **ആകെ** | | **5605500** | **109200** | **5714700** |
| **മുനിസിപ്പാലിറ്റി** | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 5383500 | 69600 | 5453100 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1231800 | 15600 | 1247400 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 428400 | 11100 | 439500 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 113400 | 0 | 113400 |
| | കർഷക തൊഴിലാളി പെൻഷൻ | 388800 | 0 | 388800 |
| **ആകെ** | | **7545900** | **96300** | **7642200** |
| **ഗ്രാമ പഞ്ചായത്ത്** | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 38204400 | 365100 | 38569500 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 8978400 | 81600 | 9060000 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 3693600 | 49500 | 3743100 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 576000 | 9000 | 585000 |
| | കർഷക തൊഴിലാളി പെൻഷൻ | 5735400 | 43200 | 5778600 |
| **ആകെ** | | **57187800** | **548400** | **57736200** |
| **ആകെ മൊത്തം** | | **70339200** | **753900** | **71093100** |